


# ഉമർബിൻ ഖത്താബ്




ഇടിമുഴക്കം പോലെ ആ ശബ്ദം ഉമറിന്റെ കാതിൽ മുഴങ്ങിനിന്നു. 'ഇത്ര ധൈര്യം നൽകുന്ന വിശ്വാസമോ?' ഉമർ അദ്ഭുതം കൂറി! അതെ, ഇതിനു മുമ്പും താൻ മുഹമ്മദിന്റെ വിശ്വാസികളെ മർദ്ദിച്ച് ജീവച്ഛവങ്ങളാക്കിയിട്ടുണ്ട്. സ്വന്തം ജീവൻ പോകുമെന്ന് ഭയന്ന് അവരാരും തന്നെ സ്വരക്ഷക്കുവേണ്ടി സ്വന്തം വിശ്വാസത്തെ തള്ളി പറഞ്ഞിട്ടില്ല. പകരം വിശ്വാസം ആവർത്തിച്ച് പറഞ്ഞ് പീഡനങ്ങൾ കടിച്ചമർത്തുകയായിരുന്നു.

ഇപ്പോഴിതാ തന്നോട് ഒരിക്കൽ പോലും കയർത്തു സംസാരിക്കാത്ത തന്റെ അളിയനും, സഹോ

ദരിയും തന്നെ എതിർക്കുന്നു. എന്തും സഹിക്കാൻ തയ്യാറായിരിക്കുന്നു. 'ഇല്ല.... ഇവരെ ഇവരുടെ വിശ്വാസത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ ഒരു ശക്തിക്കും സാധ്യമല്ല'

ഓർത്തപ്പോൾ തന്റെ ശക്തിയും, ധൈര്യവും ഇവർക്ക് മുമ്പിൽ ചോർന്നു പോകുന്നതായി ഉമറിനു തോന്നി.

അതെ, അവരുടെ വിശ്വാസത്തിന് മുമ്പിൽ താൻ ദുർബലനായിരിക്കുന്നു. ഓർത്തു നിൽക്കേ ഫാത്തിമയുടെ നെറ്റിയിൽ നിന്ന് രക്തം വാർന്നൊലിക്കുന്നത് ഉമറിന്റെ ശ്രദ്ധയിൽ പെട്ടു. പെട്ടെന്ന് ഉമറിന്റെ സഹോദരസ്നേഹം ഉണർന്നു. തന്റെ ശിരോവസ്ത്രം വലിച്ചു കീറി. ഫാത്തിമയിലേക്കടുക്കവേ ഫാത്തിമ പറഞ്ഞു. '' നോക്കൂ... സഹോദരാ..! ആദർശബന്ധമില്ലെങ്കിൽ ഈ രക്തബന്ധത്തിനൊന്നും യാതൊരു വിലയുമില്ല.'' ഉമറിന്റെ ജിജ്ഞാസ വർദ്ധിച്ചു.

രക്തബന്ധത്തേക്കാൾ ആദർശബന്ധമോ? ഉമറിന്റെ ഹൃദയം മന്ത്രിച്ചു. ''ഇവരുടെ ആദർശം ഇവരെ ധീരരാക്കുന്നു.'' സഈദിന്റെ ശബ്ദം കേട്ടാണ് ഉമർ ചിന്തയിൽ നിന്നുണർന്നത്. ''നോക്കൂ... ഉമർ സത്യം വിശ്വസിക്കുന്നവരെയാണ് താങ്കളെപ്പോലുള്ളവർ അടിച്ചമർത്തുന്നത്. അസത്യത്തിന് മീതെ സത്യം ജയിച്ച കഥകളെ ചരിത്രത്തിലൂള്ളൂ...

താങ്കളെപ്പോലുള്ള നല്ലവരും ജ്ഞാനികളും നല്ലതിന് വേണ്ടി കാതോർത്ത് നടക്കുന്നവരാണ്. എന്നിട്ടും നല്ലത് കേൾക്കുമ്പോൾ മുഖം തിരിക്കുന്നതാണ് ഞങ്ങളെ വേദനിപ്പിക്കുന്നത്. നിങ്ങളുടെ മർദ്ദനങ്ങൾ ഞങ്ങളെ വേദനിപ്പിക്കുന്നില്ല. മറിച്ച് ആദർശത്തിന് വേണ്ടി അനുഭവിക്കേണ്ടിവരുന്ന മർദനങ്ങൾ ഞങ്ങൾക്ക് മാധുര്യം നിറഞ്ഞതാണ്.'' നിശബ്ദനായി കേട്ടു നിൽക്കുന്ന ഉമറിന്റെ കോപം തണുത്തു.

അവരുടെ ആദർശത്തിനായി ഹൃദയം തുറക്കപ്പെടുന്നതായി ഉമറിന് അനുഭവപ്പെട്ടു. അപ്പോഴാണ് ഫാത്തിമയുടെ വാക്കുകൾ കാതിൽ പതിഞ്ഞത്. ''നോക്കൂ സഹോദരാ! താങ്കൾ നല്ലവനാണ്... നീതി ബോധമു

## ഉറങ്ങാത്ത നഗരം

ഈജിപ്തിന്റെ തലസ്ഥാനമായ കൈറോ നഗരം 'ഒരിക്കലും ഉറങ്ങാത്ത നഗരം' (The city that never sleep) എന്നറിയപ്പെടുന്നു. മിനാരങ്ങളുടെ നഗരം എന്നും കൈറോവിനെ വിളിക്കാറുണ്ട്.





ള്ളവനാണ്. താങ്കളുടെ കൂട്ടുകാർ മറിച്ചും! ഈ സ്വഭാവം ഉപേക്ഷിച്ചാൽ താങ്കൾക്ക് സത്യത്തിലേക്കുള്ളവഴി തുറന്ന് കിട്ടും.''

അതെ... കൂട്ടുകെട്ട് ഗുണത്തിനും ദോഷത്തിനും കാരണമാകുമെന്ന് ഉമറിന്റെ ബുദ്ധിയിൽ തെളിഞ്ഞു. ആദർശ വിശുദ്ധിയും, ആത്മധൈര്യവും ചേർന്ന് മനുഷ്യനെ നന്മയിലേക്ക് നയിക്കുന്ന ആ ഊർജ സ്രോതസാണ് മുഹമ്മദും, മുഹമ്മദിന്റെ മതവും! ഉമറിന് ബോധോദയമുണ്ടായി.

ഉമറിന്റെ കോപം കെട്ടടങ്ങി. വിനീതനായി അദ്ദേഹം ചോദിച്ചു. ''നിങ്ങൾ പാരായണം ചെയ്ത ആ ഗ്രന്ഥമെവിടെ? ഉമറിന്റെ മാനസാന്തരത്തിൽ സന്തോഷം കൊണ്ടു മതിമറന്ന് ഫാത്തിമ മൊഴിഞ്ഞു. ''പ്രിയ സഹോദരാ! വിശുദ്ധിയുള്ളവർക്കേ അത് ഉപകാരം ചെയ്യൂ.'' ഫാത്തിമ വുളു എടുക്കാനുള്ള വെള്ളത്തിനായി പുറത്തേക്ക് പോയി. കാര്യമറിയാതെ അദ്ഭുതത്തോടെ ഉമർ ചോദിച്ചു ''വിശുദ്ധിയോ?''

ഉമറിന്റെ പരിഭ്രമം കണ്ടു സഈദ് പറഞ്ഞു. ''അത് വായിച്ച് അതിന് കീഴ്പ്പെട്ട് ജീവിക്കാനുള്ള ഹൃദയ വിശുദ്ധി അഥവാ മനസ്സു വേണമെന്നാണ് അവൾ പറഞ്ഞതിന്റെ അർത്ഥം. അപ്പോൾ മാത്രമേ അത് ഉപകാരപ്പെടുകയുള്ളൂ.''

ഫാത്തിമ പറഞ്ഞപോലെ ഉമർ വുളു ചെയ്തു. ശരീരവും മന

ബുദ്ധമതക്കാരുടെ ആരാധനാലയം- പഗോഡ

സ്സും തണുത്തു ശാന്തമായി. പുറത്തെ അഴുക്കുപോലെ അകത്തെ അഴുക്കും നീങ്ങിയതായി ഉമറിന് തോന്നി. വിശ്വാസത്തിലേക്ക്... വിശുദ്ധിയോടെയുള്ള തയ്യാറെടുപ്പ് മനസ് ഊഷ്മളമാക്കി.

''ഹേ...! ഖബ്ബാബ്!'' സഊദിന്റെ വിളി കേട്ടതും മറഞ്ഞു നിന്നിരുന്ന ഖബ്ബാബ് പുറത്തു വന്നു. ''അസ്സലാമു അലൈക്കും!'' അദ്ഭുതം നിറഞ്ഞ മുഹൂർത്തം! അവർ സലാം മടക്കി. നിങ്ങൾക്ക് സമാധാനവും രക്ഷയുമുണ്ടാകട്ടെയെന്ന ആ അഭിവാദ്യം കേട്ട് ഉമർ ഹർഷപുളകിതനായി.

അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആ അഭിവാദ്യം മൂലം സമാധാനത്തിന്റേയും സന്തോഷത്തിന്റേയും വർണ്ണ പകിട്ടാർന്ന അമിട്ടുകൾ പൊട്ടി വിടർന്നു. ആ മുഹൂർത്തത്തിൽ സഊദ് നീട്ടിയ ഏടുകൾ ഉമർ ഏറ്റുവാങ്ങി. ഉമറിന്റെ കണ്ണുകൾ ആ ഏടുകളിൽ പരതി.

ഉമറിന്റെ അധരങ്ങളിൽ നിന്ന് മുത്തുമണികൾ പോലെ പരിശുദ്ധ വചനങ്ങളുതിർന്നു വീണു. അതിന്റെ വിശാലമായ ആദർശങ്ങളും, അർത്ഥ വ്യാപ്തിയും കണ്ട് അയാളറിയാതെ വിളിച്ചു പറഞ്ഞു. ''എനിക്ക് മുഹമ്മദിനെ കാണണം'' ഉമറിന്റെ മാറ്റം കണ്ട് അവർ തക്ബീർധ്വനികൾ മുഴക്കി.

(തുടരും)

# ഉറുമ്പിന്റെ ഫിറമോൺ വിദ്യ

സൂക്ഷ്മമായി വരിവരിയായി നിരതെറ്റാതെ ഉറുമ്പുകൾ സഞ്ചരിക്കുന്നത് കണ്ടിട്ടില്ലേ. ഒരുറുമ്പ് വരിതെറ്റിയാൽ ഉടനെ തന്നെ അത് നിരയിൽ തിരിച്ചെത്തുന്നതും കാണാം. ഫിറമോൺ എന്ന ഒരു പ്രത്യേക രാസവസ്തുവാണ് ഉറുമ്പുകളെ ഇങ്ങനെ വഴി തെറ്റാതെ സഞ്ചരിക്കാൻ സഹായിക്കുന്നത്. ഉറുമ്പുകളുടെ ശരീരത്തിലെ ഗ്രന്ഥികൾ ഉൽപാദിപ്പിക്കുന്നതാണിത്.

ഇവ സഞ്ചരിക്കുന്ന പാതയിലുടനീളം ഫിറമോണുകളുടെ അംശം പതിഞ്ഞിരിക്കും. കൂടെവരുന്ന എല്ലാ ഉറുമ്പുകളും ഇത് തിരിച്ചറിഞ്ഞ് സഞ്ചാരപാത തെറ്റാതെ മുന്നോട്ടു സഞ്ചരിക്കും. ഫിറമോണിന്റെ നേരിയ ഒരംശമുണ്ടെങ്കിൽ പോലും ഉറുമ്പുകൾ തിരിച്ചറിയും. ശത്രുക്കളെ സംബന്ധിച്ച മുന്നറിയിപ്പുകൾക്കും ഭക്ഷണസ്ഥലം അറിയിക്കുന്നതിനുമെല്ലാം ഈ ഫിറമോൺ വിദ്യയാണ് ഉറുമ്പുകൾ സ്വീകരിക്കുന്നത്.

